ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 07.06.2025**

## പ്രധാനവാർത്തകൾ

1. ദാരിദ്ര്യ നിർമാർജനത്തിൽ ശ്രദ്ധേയ പുരോഗതി കൈവരിച്ച് ഇന്ത്യ; രാജ്യത്തെ അതിദാരിദ്ര്യ നിരക്ക് 5.3 ശതമാനമായി കുറഞ്ഞതായി ലോകബാങ്ക് റിപ്പോർട്ട്.

2. ത്യാഗ സ്മരണയിൽ ഇന്ന് ബലിപെരുന്നാൾ; ഈദ് നമസ്കാരങ്ങളിൽ പങ്കെടുത്ത് വിശ്വാസികൾ.

3. കോൺഗ്രസ് നേതാവ് തെന്നല ബാലകൃഷ്ണപിള്ളയുടെ സംസ്കാരം അല്പസമയത്തിനകം ശാന്തികവാടത്തിൽ; അന്തിമോപചാരം അർപ്പിച്ച് മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ് ഉൾപ്പടെയുള്ള പ്രമുഖർ.

4. കാർഷിക മേഖലയിലെ വിദഗ്ദ്ധർ കർഷകരുമായി സംവദിക്കുന്ന വികസിത കൃഷി സങ്കല്പ് അഭിയാൻ വിവിധ ജില്ലകളിൽ പുരോഗമിക്കുന്നു.

5. ഫ്രഞ്ച് ഓപ്പൺ വനിതാ സിംഗിൾസിൽ കന്നിക്കിരീടം ലക്ഷ്യമിട്ട് ആര്യാന സബലേങ്കയും കോക്കോ ഗൗഫും ഇന്ന് ഏറ്റുമുട്ടും; പുരുഷ സിംഗിൾസ് ഫൈനലിൽ നാളെ യാനിക് സിന്നർ - കാർലോസ് അൽകാരസിനെ നേരിടും.

&&&&&&&&&&&&&

RNUTVPM

## <u>ജി-7 ഉച്ചകോടി -പ്രധാനമന്ത്രി</u>

ഈ മാസം അവസാനം കാനഡയിൽ നടക്കാനിരിക്കുന്ന ജി-7 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി ഉച്ചകോടിയിൽ പങ്കെടുക്കാൻ ക്ഷണിച്ചതായി പ്രധാനമന്ത്രി സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു. ഊർജ്ജസ്വലമായ ജനാധിപത്യ രാജ്യങ്ങളായി ഇന്ത്യയും കാനഡയും ഒരുമിച്ച് പ്രവർത്തിക്കുമെന്നും ശ്രീ മോദി പറഞ്ഞു.

&&&&&&&&&&&&&

## <u>ലോകബാങ്ക് -ദാരിദ്ര്യ നിരക്ക്</u>

ദാരിദ്ര്യ നിർമാർജനത്തിൽ ശ്രദ്ധേയ പുരോഗതി കൈവരിച്ച് ഇന്ത്യ. ലോകബാങ്കിന്റെ ഏറ്റവും പുതിയ കണക്ക് പ്രകാരം, 2011-12 നും 22-23 നും ഇടയിൽ 26.9 കോടി പേരാണ് അതിദാരിദ്ര്യത്തിൽനിന്ന് മോചിതരായത്. അതിദാരിദ്ര്യ നിരക്ക് 27.1 ശതമാനത്തിൽ നിന്ന് 5.3 ശതമാനമായി കുറഞ്ഞു. ആരോഗ്യം, വിദ്യാഭ്യാസം, ജീവിത നിലവാരം തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുന്ന ബഹുമുഖ ദാരിദ്ര്യം കുറയ്ക്കുന്നതിലും ഇന്ത്യ പുരോഗതി നേടി.

RNU TVPM

&&&&&&&&&&&&&

## <u>കോവിഡ് കണക്ക്</u>

രാജ്യത്ത് കഴിഞ്ഞ ദിവസം 391 കോവിഡ് കേസുകൾ കൂടി റിപ്പോർട്ട് ചെയ്തു. നിലവിൽ 5,755 സജീവ കോവിഡ് കേസുകളാണുള്ളത്. കേരളത്തിൽ ഇന്നലെ കോവിഡ് ബാധിച്ച് ഒരു മരണം റിപ്പോർട്ട് ചെയ്തു. 1,806 പേരാണ് സംസ്ഥാനത്ത് കോവിഡ് ചികിത്സയിൽ കഴിയുന്നത്.

&&&&&&&&&&&&&

## ബക്രീദ് - ആശംസകൾ

ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും ഓർമ പുതുക്കി ഇസ്ലാം മതവിശ്വാസികൾ ഇന്ന് ബക്രീദ് ആഘോഷിക്കുന്നു. രാജ്യത്തുടനീളമുള്ള ഈദ്ഗാഹുകളിലും പള്ളികളിലും ഈദ് നമസ്കാരം നടന്നു. രാഷ്ട്രപതി ദ്രൗപദി മുർമു , ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി, ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയവർ ബക്രീദ് ആശംസ നേർന്നു.

&&&&&&&&&&&&&

## ബക്രീദ് -കോഴിക്കോട് (ഇൻട്രോ)

സംസ്ഥാനത്തും ബലി പെരുന്നാൾ വിപുലമായി ആഘോഷിച്ച് വിശ്വാസികൾ. കോഴിക്കോട് ചാലിയം ജുമുഅ മസ്ജിദിൽ കാന്തപുരം എ പി അബൂബക്കർ മുസ്ലിയാരും പാളയം മൊഹ് യുദീൻ പള്ളിയിൽ ഇമാം ഹുസൈൻമടവൂരും പെരുന്നാൾ നമസ്കാരത്തിന് നേതൃത്വം നൽകി. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർബാബു....**
(വോയിസ്....)

&&&&&&&&&&&&&

## ഈദ് -തിരുവനന്തപുരം (ഇൻട്രോ)

തലസ്ഥാനത്തും രാവിലെ 7 മണി മുതൽ ബലിപെരുന്നാൾ നമസ്കാരം ആരംഭിച്ചു. നഗരത്തിലും ഗ്രാമീണ മേഖലകളിലുമെല്ലാം നൂറു കണക്കിന് വിശ്വാസികൾ പെരുന്നാൾ നമസ്കാരത്തിൽ പങ്കെടുത്തു.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി **രെജു കോലിയക്കോട്.....**

RNU TVPM

(വോയിസ്)

&&&&&&&&&&&&&

## നിലമ്പൂർ ഉപതിരഞ്ഞെടുപ്പ്

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമാക്കി രാഷ്ട്രീയ കക്ഷികൾ. ബലി പെരുന്നാൾ ദിനമായ ഇന്ന് LDF UDF NDA മുന്നണികൾ പരസ്യപ്രചാരണം ഒഴിവാക്കി പള്ളികളിലും വീടുകളിലും നേരിട്ടെത്തി വോട്ട് തേടുകയാണ്. 19 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 ന് . ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ രണ്ടാം ഘട്ട റാൻഡമൈസേഷൻ തിങ്കളാഴ്ച നടക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

&&&&&&&&&&&&&

RNU TVRM

## തെന്നല ബാലകൃഷ്ണപിള്ള

ഇന്നലെ അന്തരിച്ച കോൺഗ്രസ് നേതാവ് തെന്നല ബാലകൃഷ്ണപിള്ളയ്ക്ക് വിട ചൊല്ലാനൊരുങ്ങി രാഷ്ട്രീയ കേരളം. കെപിസിസി ആസ്ഥാനത്ത് പൊതുദർശനത്തിന് വച്ച ഭൗതികദേഹത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഉൾപ്പടെ രാഷ്ട്രീയ, സാംസ്കാരിക, സാമൂഹിക രംഗങ്ങളിലെ പ്രമുഖർ അന്തിമോപചാരം അർപ്പിച്ചു. സംസ്കാരം ഉച്ചയ്ക്ക് 1.30 ന് ശാന്തികവാടത്തിൽ നടക്കും. മൂന്നു തവണ രാജ്യസഭാ എംപി, രണ്ടു തവണ വീതം നിയമസഭാംഗം, കെപിസിസി അധ്യക്ഷൻ എന്നീ പദവികൾ വഹിച്ചിട്ടുണ്ട്.

&&&&&&&&&&&&&

## ഷൈൻ ടോം ചാക്കോ - അപകടം

നടൻ ഷൈൻ ടോം ചാക്കോയുടെ പിതാവ് C P ചാക്കോയുടെ മൃതദേഹം തൃശ്ശൂരിൽ എത്തിച്ചു. ഇന്നലെ പുലർച്ചെ തമിഴ്നാട്

ധർമ്മപുരിയിൽ ഉണ്ടായ വാഹനാപകടത്തിൽ പരിക്കേറ്റ ഷൈൻ ടോമിനെയും, മാതാവ് മറിയ കാർമലിനെയും തൃശൂരിലെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി. ഷൈനിൻ്റെ, വിദേശത്തുള്ള സഹോദരിമാർ തൃശൂരിൽ എത്തിയ ശേഷമാകും സി.പി ചാക്കോയുടെ സംസ്കാരം സംബന്ധിച്ച തീരുമാനമുണ്ടാകുക. അതേസമയം കേന്ദ്രസഹമന്ത്രി സുരേഷ്ഗോപി ഇന്ന് ഷൈനിനെ ആശുപത്രിയിൽ സന്ദർശിച്ചു.

&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടി "നല്ല വാർത്ത "എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നു. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&

## പ്രധാനമന്ത്രി -കർഷക ക്ഷേമം

രാജ്യത്തെ കർഷകരുടെ ക്ഷേമം ഉറപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കഴിഞ്ഞ 11 വർഷത്തിനിടെ, കർഷകരുടെ ജീവിതത്തിൽ അഭിവൃദ്ധി കൊണ്ടുവരാൻ നിരവധി സംരംഭങ്ങൾ ആരംഭിക്കുകയും കാർഷിക മേഖലയുടെ പരിവർത്തനം ഉറപ്പാക്കുകയും ചെയ്തതായി അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. മണ്ണിന്റെ ആരോഗ്യം, ജലസേചനം തുടങ്ങിയവയ്ക്ക് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&

RNU TVPM

## വികസിത കൃഷി സങ്കല്പ്

കാർഷിക മേഖലയിലെ വിദഗ്ദ്ധർ കർഷകരുമായി സംവദിക്കുന്ന വികസിത കൃഷി സങ്കല്പ് അഭിയാൻ കേരളത്തിലെ വിവിധ ജില്ലകളിൽ പുരോഗമിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായ പരിപാടികൾ ഇന്ന് പത്തനംതിട്ട മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ നടന്നു. ഈ മാസം 12 വരെയാണ് ക്യാമ്പയിൻ.

&&&&&&&&&&&&&

## വെച്ചൂർ ശതാബ്ദി

കർണാടക സംഗീതജ്ഞൻ വെച്ചൂർ ഹരിഹര സുബ്രമണ്യ അയ്യരുടെ ജന്മശതാബ്ദി ആഘോഷം തിരുവനന്തപുരം തൈക്കാട് ഭാരത് ഭവനിൽ ഇന്ന് മന്ത്രി ജി.ആർ.അനിൽ ഉദ്ഘാടനം ചെയ്യും. ജന്മശതാബ്ദിയോട് അനുബന്ധിച്ച് സംഗീത കച്ചേരികൾ, ശിൽപശാലകൾ, പുസ്തക പ്രകാശനം തുടങ്ങിയവ നടക്കും.

RIJU TVPM

&&&&&&&&&&&&&

## ആലപ്പുഴ- അപകടം (ഇൻട്രോ)

ആലപ്പുഴയിൽ നിർമാണം നടക്കുന്ന ദേശീയപാതയിൽ അപകടങ്ങളും മരണങ്ങളും വർധിക്കുന്നതായി കണക്കുകൾ. മൂന്നുമാസത്തിനിടെ പത്തിലേറെ പേരുടെ ജീവനാണ് നഷ്ടപ്പെട്ടത്.

വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി **ആർ.രവികുമാർ....**

(വോയിസ്)

&&&&&&&&&&&&&

## ഫ്രഞ്ച് ഓപ്പൺ

ഫ്രഞ്ച് ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസിൽ ഇന്ന് ലോക ഒന്നാം നമ്പർ താരം ആര്യാന സബലേങ്കയും രണ്ടാം സീഡ് കോക്കോ ഗൗഫും ഏറ്റുമുട്ടും. സബലേങ്കയുടെ ആദ്യ ഫ്രഞ്ച് ഓപ്പൺ ഫൈനലും കോക്കോയുടെ രണ്ടാം ഫൈനലുമാണിത്. പുരുഷ സിംഗിൾസ് ഫൈനലിൽ ഇറ്റലിയുടെ യാനിക് സിന്നറും സ്പെയിനിന്റെ കാർലോസ് അൽകാരസും നാളെ കളത്തിലിറങ്ങും.

&&&&&&&&&&&&&

## വിഴിഞ്ഞം -പുതിയ ബെർത്ത്

കോസ്റ്റ് ഗാർഡിന്റെ വിഴിഞ്ഞം സ്റ്റേഷനു വേണ്ടി നിർമിച്ച പുതിയ ബെർത്ത് കമ്മിഷൻ ചെയ്തു. കോസ്റ്റ് ഗാർഡ് ഡയറക്ടർ ജനറൽ പർമേഷ് ശിവമണി ചടങ്ങ് ഉദ്ഘാടനം ചെയ്തു.10 കോടി രൂപ ചെലവിട്ട് 76 മീറ്റർ നീളത്തിലും എട്ടുമീറ്റർ വീതിയിലുമാണ് പുതിയ ബെർത്ത് നിർമിച്ചിരിക്കുന്നത്. ഇതോടെ വലിയ കപ്പലുകൾ അടുപ്പിക്കാനും രക്ഷാപ്രവർത്തന ദൗത്യങ്ങൾ വേഗത്തിലാക്കാനും കഴിയും.

RNU TVPM

&&&&&&&&&&&&&

## കൊല്ലം-എം.ഡി.എം.എ

കൊല്ലത്ത് MDMA യുമായി അഞ്ചുപേർ പിടിയിൽ. 61.5 ഗ്രാം MDMA യുമായി ഇടപ്പള്ളികോട്ട സ്വദേശികളായ ബിവിൻ, മുഹമ്മദ് ഷാ, ആദർശ്, ഹേമന്ത്, ഹരികൃഷ്ണൻ എന്നിവരാണ് പിടിയിലായത്. ബാംഗ്ലൂരിൽ നിന്ന് കൊല്ലത്തേക്ക് കാർ മാർഗം ലഹരി കടത്തുന്നതിനിടെയാണ് എക്സൈസ് സംഘം പ്രതികളെ പിടിച്ചത്.

&&&&&&&&&&&&&

## മലപ്പുറം -ദേശീയപാത

മലപ്പുറം കൂരിയാട് ദേശീയപാത 66 ൽ റോഡ് തകർന്ന ഭാഗത്തെ മണ്ണുനീക്കൽ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. വയഡറ്റ് നിർമിക്കുന്നതിന് മുന്നോടിയായാണ് മണ്ണ് നീക്കംചെയ്യാൻ ആരംഭിച്ചത്. ആറുവരിപ്പാതയുടെ ഇരുവശത്തും സർവീസ് റോഡ് ബലപ്പെടുത്തുന്ന പ്രവൃത്തിയും നടക്കുന്നുണ്ട്.

&&&&&&&&&&&&&

## പെരുങ്കളിയാട്ടം കലശം

ഉത്തര കേരളത്തിലെ കളിയാട്ടങ്ങൾക്ക് സമാപനം കുറിക്കുന്ന കണ്ണൂർ വളപട്ടണം കളരിവാതുക്കൽ ഭഗവതി ക്ഷേത്രത്തിലെ പെരുങ്കളിയാട്ടം കലശം നാളെ. രാവിലെ കലശം നിറയ്ക്കും. വൈകിട്ട് നാലിന് തിരുമുടി ഉയരും. ബാബു പെരുവണ്ണാനാണ് ഇത്തവണയും തിരുമുടിയണിയുന്നത്. ഏഴ് കവുങ്ങുകളും 71 മുളകളുംകൊണ്ട് 15 മീറ്റർ ഉയരമുള്ള മുടി നാലുപുരയ്ക്കൽ ആശാരിമാരാണ് നിർമിക്കുന്നത്.

RNU TVPM

&&&&&&&&&&&&&

## മഹാ കുംഭാഭിഷേകം

തിരുവനന്തപുരം ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിൽ മഹാകുംഭാഭിഷേകം നാളെ രാവിലെ നടക്കും. ഭക്തർക്ക് കുംഭാഭിഷേകം വീക്ഷിക്കാനും ശേഷം ദർശനത്തിനുമുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ക്ഷേത്രത്തിലെ സുരക്ഷയും ശക്തമാക്കി.

&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&